**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3001** **25-10-2021 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കോടതി സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി കോടതി സമുച്ചയ നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ ഏതു ഘട്ടംവരെ ആയി എന്ന് വിശദമാക്കുമോ; | (എ) | അങ്കമാലി കോടതി സമുച്ചയത്തിന്റെ കെട്ടിടം അങ്കമാലി വില്ലേജിലെ സർവ്വേ നമ്പർ B11/603/12 എന്ന സ്ഥലത്ത് നിർമ്മിക്കുന്നതിനായി തീരുമാനിച്ച പ്രകാരം പ്രസ്തുത സ്ഥലത്ത് total stationനടത്തി Sketch AR drawing വരയ്ക്കുന്നതിന് വേണ്ടി AR wing ന് സമർപ്പിക്കുകയും ചെയ്തു. സർവ്വേ പ്രകാരം 18.61 ആർ സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് ആർക്കിടെക്ച്ചറൽ വിഭാഗം പ്ലാൻ തയ്യാറാക്കുകയും കോടതിയുടെ നിർദ്ദേശപ്രകാരം വേണ്ട മാറ്റങ്ങൾ വരുത്തി പുതുക്കിയ പ്ലാൻ സമർപ്പിക്കുകയും ചെയ്തു. ആയതു പ്രകാരം എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. ഈ ഘട്ടത്തിലാണ് GO(Ms) 242/2019/Revenue dated 29.07.2019 പ്രകാരം ഇറിഗേഷൻ വകുപ്പിൽ നിന്നും 15.08 ആർ സ്ഥലം മാത്രം നിർമ്മാണത്തിനായി കൈമാറുകയുള്ളൂയെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളത്. ആയതിനാൽ അംഗീകരിച്ച പ്ലാൻ പ്രകാരം പ്രവൃത്തി ചെയ്യുന്നതിന് 4.53 ആർ സ്ഥലത്തിന്റെ കുറവ് നേരിടുമെന്നതിനാൽ District Secessions Judgeന്റെ അദ്ധ്യക്ഷതയിൽ 17.09.2020-ൽ യോഗം ചേരുകയും ലഭ്യമായ 15.08 ആർ സ്ഥലത്ത് റിവൈസ്ഡ് പ്ലാൻ തയ്യാറാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത ഭൂമിയുടെ അതിരുകൾ, പ്രസ്തുത സ്ഥലത്തേയ്ക്കുള്ള പ്രവേശനാനുമതി എന്നിവ സംബന്ധിച്ച വ്യക്തത ലഭിക്കുന്ന മുറയ്ക്ക് AR drawing തയ്യാറാക്കുന്നതും എസ്റ്റിമേറ്റിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോടതികളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ കോടതി 2014 മുതൽ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് 3 നിലകളാണ് ഉള്ളത് Ground Floor ൽ കോടതിയും, 1st floor ൽ ബാർ അസോസിയേഷന്റേയും |

| | | | |
|---|---|---|---|
| | | | അസി.പബ്ലിക് പ്രോസിക്യൂട്ടറിന്റെ ഓഫീസും പ്രവർത്തിക്കുന്ന കാലപ്പഴക്കമുള്ള ഈ കെട്ടിടത്തിൽ കോടതി പ്രവർത്തനത്തിനുള്ള സൗകര്യക്കുറവ് കോടതി അധികാരികൾ 17.09.2021 ലെ യോഗത്തിൽ ബോധിപ്പിച്ചിട്ടുണ്ട്. |
| (സി) | ബഹു. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് എറണാകുളം ജില്ലാ കോടതി, പൊതുമരാമത്ത്, ഇറിഗേഷൻ, റവന്യൂ, സ്ഥലത്തെ നിയമസഭാംഗം എന്നിവരുടെ സാന്നിധ്യത്തിൽ 2021 സെപ്റ്റംബർ 17 ന് നടന്ന യോഗ തീരുമാനപ്രകാരം പൊതുമരാമത്ത് വകുപ്പ് ഈ വിഷയത്തിൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | സെപ്റ്റംബർ 17-ൽ നടന്ന യോഗതീരുമാനത്തിനു ശേഷം അതിർത്തികളെ സംബന്ധിച്ചും, വസ്തുവിലേക്കുള്ള പ്രവേശനാനുമതി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾക്കായി ബഹു. ജില്ലാ ജഡ്ജിയെ സമീപിച്ചിട്ടുണ്ട്. കോടതി സമുച്ചയത്തിനായി ഗവൺമെന്റ് കൈമാറിയ 15.08 ആർ സ്ഥലത്തിന്റെ അതിർത്തി റവന്യൂ സർവ്വേയറുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പിന് ബോധ്യപ്പെടുത്തി തരണമെന്നും ടി പ്രവൃത്തി സ്ഥലത്തേയ്ക്ക് സാധന സാമഗ്രികൾ തടസ്സം കൂടാതെ എത്തിക്കാനുള്ള പ്രവേശനാനുമതിയും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബഹു. ജില്ലാ ജഡ്ജിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | പുതിയ കോടതി സമുച്ചയത്തിന്റെ പ്ലാനും എസ്റ്റിമേറ്റും എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | അതിരുകളിൽ വ്യക്തത ലഭിച്ചാൽ അതുപ്രകാരം പുതുക്കിയ സൈറ്റ് പ്ലാൻ തയ്യാറാക്കി, പുതിയ ആർക്കിടെക്ച്ചറൽ ഡ്രോയിംഗും, എസ്റ്റിമേറ്റും തയ്യാറാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ